"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ പയ്യന്നൂർ സബ് ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി കണ്ടെത്തിയ പയ്യന്നൂർ സിവിൽ സ്റ്റേഷനിലെ കെട്ടിട ഭാഗം ഫർണിഷ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.410/2025/TAXES തീയതി,തിരുവനന്തപുരം, 28-04-2025

---

പരാമർശം:- 1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 18/01/2025 ലെ SLTY/ 6069/2023-MOD INFRA1 SL നമ്പർ കത്ത്

2. 27.02.2025-ലെ സ.ഉ.(സാധാ) നം.177/2025/ടാക്സസ്

**<u>ഉത്തരവ്</u>**

പയ്യന്നൂർ ഭാഗ്യക്കുറി സബ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സിവിൽ സ്റ്റേഷനിലെ രണ്ടാം നിലയിൽ നിന്നും താഴത്തെ നിലയിലുള്ള 500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഹാളിലേയ്ക്ക് മാറുന്നതിന് ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ടെന്നും ടി കെട്ടിടം ഓഫീസ് പ്രവർത്തനത്തിന് അനുയോജ്യമാകും വിധം ഫർണിഷ് ചെയ്യുന്നതിനായി Furniture, civil, electrical, networking എന്നിവ ഒന്നായി ഏറ്റെടുത്ത് നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര മാത്രമാണ് സമർപ്പിച്ചിട്ടുള്ളതെന്നും ഇതിനായി നിർമ്മിതി കേന്ദ്രം സമർപ്പിച്ച ₹5,55,000/- (അഞ്ചു ലക്ഷത്തി അൻപത്തി അയ്യായിരം രൂപ മാത്രം) യുടെ പ്രൊപ്പോസൽ അംഗീകരിച്ച് ടി കെട്ടിടഭാഗം ഓഫീസ് പ്രവർത്തനത്തി നനുയോജ്യമായ വിധത്തിൽ ഫർണിഷ് ചെയ്യുന്നതിനും പ്രസ്തുത ചെലവ് "2075-00-103-94-17-objects" എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിലുള്ള വിവിധ ജില്ലാ ഓഫീസുകൾ, സബ് ഓഫീസുകൾ എന്നിവ മുകളിലത്തെ നിലയിൽ നിന്നും താഴത്തെ നിലയിലേയ്ക്ക് പ്രവർത്തനം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന 2024-25 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ തുടർച്ചയായി ഇത്തരത്തിലുള്ള 21 ജില്ലാ-സബ് ഓഫീസുകൾ അനുയോജ്യമായ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിയ്ക്കുന്നതിന് പരാമർശം (2) പ്രകാരം തത്വത്തിൽ അനുമതി നല്കിയിട്ടുള്ളതിനാൽ പയ്യന്നൂർ ഭാഗ്യക്കുറി സബ്ഓഫീസ് ഭിന്നശേഷി

സൗഹൃദമാക്കുന്നതിനായി കണ്ടെത്തിയ പയ്യന്നൂർ സിവിൽ സ്റ്റേഷൻ കെട്ടിടഭാഗം ₹5,55,000/- (അഞ്ചു ലക്ഷത്തി അൻപത്തി അയ്യായിരം രൂപ മാത്രം) ചെലവഴിച്ച് ഓഫീസ് പ്രവർത്തനത്തിന് അനുയോജ്യമായ വിധത്തിൽ ഫർണിഷ് ചെയ്യുന്നതിനും പ്രസ്തുത തുക "2075-00-103-94-17- objects" എന്ന ശീർഷകത്തിൽ നിന്നും വഹിയ്ക്കുന്നതിനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ് ) കേരള, തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. ധനകാര്യ വകുപ്പ് (28.03.2025-ലെ 2834687/Exp B1/334/2024-Fin പ്രകാരം)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ (TAXES-H1/131/2024-TAXES)

ഉത്തരവിൻ പ്രകാരം
Signed by
Babu. G
Date: 29-04-2025 10:03:47
സെക്ഷൻ ഓഫീസർ